സംസ്ഥാനത്തെ സ്വകാര്യബാങ്കുകളുടെ പ്രവർത്തനം

31 [2000] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സ്വകാര്യബാങ്കുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്വകാര്യബാങ്കുകൾ ഏതു ലൈസൻസ് പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്;

(സി) ഇവയുടെ ലൈസൻസ് ഫീസ് ഇപ്പോൾ എത്ര രൂപയാണ്; ഇതു വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതുവഴി എത്ര കോടി രൂപയുടെ അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സ്വകാര്യ പണമിടപാടുകാർക്ക് വാങ്ങാവുന്ന പലിശനിരക്ക് സംബന്ധിച്ച് മണി ലെൻഡേഴ്സ് ആക്ടിൽ എന്താണ് വ്യവസ്ഥ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനു ഭേദഗതി വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ഇതു സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്താമോ?

ഉത്തരം

(എ) 2003-2004-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 9094 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) കേരളത്തിലെ സ്വകാര്യബാങ്കുകൾ 1958-ലെ കേരള മണിലെൻഡിംഗ് നിയമം വകുപ്പ് 3, ഉപവകുപ്പ് (1) അനുസരിച്ച് നൽകുന്ന ലൈസൻസ് പ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്.

(സി) കേരള മണിലെൻഡിംഗ് നിയമപ്രകാരം ഇപ്പോൾ നിലവിലുള്ള ലൈസൻസ് ഫീസ് 3000 രൂപയാണ്. ലൈസൻസ് ഫീസ് 3000 രൂപയിൽ നിന്നും 5000 രൂപയായി ഉയർത്തിക്കൊണ്ട് മണിലെൻഡിംഗ് നിയമത്തിൽ ഭേദഗതി വരുത്തിയെങ്കിലും ഇതു സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ് നിലവിലുള്ളതിനാൽ അത് പ്രാബല്യത്തിൽ വന്നിട്ടില്ല. 2004-2005-ലെ ബഡ്ജറ്റിലും മണിലെൻഡിംഗ് ലൈസൻസ് ഫീസ് 5000 രൂപയായി ഉയർത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമൂലം 3 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1958-ലെ മണിലെൻഡിംഗ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1) പ്രകാരം കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ സ്വകാര്യ പണമിടപാടുകാർ ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത നിയമം വകുപ്പ് 11 പ്രകാരം അക്കൗണ്ടിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ തുക കടം നൽകുകയോ കൂടുതൽ പലിശ ഈടാക്കുകയോ ചെയ്താൽ അത് 6 മാസം തടവോ ആയിരം രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

(ഇ) 2004-ലെ ധനകാര്യ ബില്ലിൽ മണിലെൻഡേഴ്സ് നിയമം വകുപ്പ് 7 ഉപവകുപ്പ് (1)-ൽ വരുത്തിയ ഭേദഗതി പ്രകാരം കാലാകാലങ്ങളിൽ വിജ്ഞാപനം മുഖേന പലിശനിരക്ക് നിയന്ത്രിക്കുവാനുള്ള അധികാരം സർക്കാരിനുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ചിട്ടി നിയമത്തിൽ മാറ്റം വരുത്തൽ

32 [2001] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചിട്ടി നിയമത്തിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(സി) ഇത് കെ.എസ്.എഫ്.ഇ.-യെ എപ്രകാരം ബാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ശാഖകൾവഴി വ്യാജവായ്പ

33 [2002] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷന്റെ വിവിധ ശാഖകൾവഴി വ്യാജ വായ്പകൾ നൽകി തട്ടിപ്പ് നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly